DIC/237/2023-EA1

I/314785/2023

DIC/237/2023-EA1

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്
തിരുവനന്തപുരം,തീയതി : 20-01-2023

**സർക്കുലർ**

വിഷയം:- വ്യവസായം - ജീവനക്കാര്യം - വ്യവസായ വാണിജ്യ ഡയറക്ടറുടെ നിർദ്ദേശങ്ങളും ഉത്തരവുകളും സമയബന്ധിതമായി നടപ്പിലാക്കപ്പെടാത്തത് - സംബന്ധിച്ച്.

സൂചന :- സർക്കുലർ നമ്പർ 100 / 2016 തീയതി 19.07.2016

വ്യവസായ വാണിജ്യ ഡയറക്ടറുടെ നിർദ്ദേശങ്ങളും ഉത്തരവുകളും കാലാനുസൃതം സമയബന്ധിതമായി നടപ്പിലാക്കുവാൻ ഓഫീസ് നിയന്ത്രണാധികാരികൾ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ വ്യവസായ വാണിജ്യ ഡയറക്ടറുടെ ഓഫീസിന്റെ അറിവോ സമ്മതമോ കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലമാറ്റം നടത്തുക വഴി വ്യവസായ വാണിജ്യ ഡയറക്ടരുടെ അധികാരപരിധിയിൽ കടന്നുകയറ്റം നടത്താനുള്ള ശ്രമവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . അത്തരം സ്ഥലമാറ്റങ്ങൾ ഗൗരവത്തോടെ വീക്ഷിക്കുന്നതും ആയതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ് .

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നും പുറപ്പെടുവിക്കുന്ന സ്ഥലമാറ്റ ഉത്തരവിലുള്ള ജീവനക്കാരെ മതിയായ കാരണങ്ങളില്ലാതെ വിടുതൽ ചെയ്യാതെ ഓഫീസ് നിയന്ത്രണാധികാരികൾ മേൽ ഓഫീസിലെ ഉത്തരവുകൾ അടിയന്തിരമായി നടപ്പാക്കാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . സ്ഥലമാറ്റ ഉത്തരവിലുള്ള ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യാതിരിക്കുവാൻ ഗൗരവകരമായ കാരണങ്ങളുണ്ടെങ്കിൽ ആ വിവരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലറിയിച്ച് സമ്മതം വാങ്ങേണ്ടതാണ് .

കീഴ് ഓഫീസുകളിൽ നിന്നും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലേക്ക് കാലാകാലങ്ങളിൽ നൽകേണ്ട റിപ്പോർട്ടുകൾ സമയ ബന്ധിതമായി നൽകാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . അപ്രകാരം റിപ്പോർട്ടുകൾ നൽകാതിരിക്കുന്നത് വകുപ്പിന്റെ ദൈനംദിന പ്രവർത്തങ്ങളെ ബാധിക്കുകയും കടാതെ സർക്കാരിലേക്ക് നൽകേണ്ട റിപ്പോർട്ടുകൾ അസാധാരണമായി വൈകുന്നതിനും കാരണമാകുന്നു .

ഈ ഓഫീസിൽ നിന്നും പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതുമൂലം വകുപ്പിന്റെ നടപടികളിൽ കാലതാമസം നേരിടുകയോ ഏതെങ്കിലും ജീവനക്കാർക്ക് ലഭിക്കേണ്ട അർഹമായ സ്ഥാനക്കയറ്റമോ മാറ്റാനുകൂല്യങ്ങളോ സമയബന്ധിതമായി ലഭിക്കാതിരിക്കുകയോ ചെയ്താൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട ഓഫീസ് മേലധികാരിക്കായിരിക്കും

20/1/24

S. HARIKISHORE I A S
DIRECTOR